പി.എഫ്/         /         /2015                                          വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം,

തീയതി: 12.10.2015

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ
വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം

.............................................................

ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ

.............................................................

സർ,

കെ.എ.എസ്.ഇ.പി.എഫും അതു പോലെയുള്ള മറ്റ് ഗവ. എയിഡഡ് സ്ഥാപനങ്ങളുടെ പി എഫും ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ഗെയിൻ പി എഫ് ( (Govt. Aided Institution PF) സംവിധാനം വഴി ഓൺലൈൻ ആക്കുന്നതിനായി നിലവിൽ സ്പാർക്ക് ഡാറ്റാബേസിൽ ഉള്ള വരിക്കാരുടെ അക്കൗണ്ട് നമ്പർ സംബന്ധിച്ച വിവരങ്ങൾ കൃത്യതയോടെ ആണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ആയതിനായി കെ.എ.എസ്.ഇ.പി.എഫിലുള്ള വരിക്കാരുടെ സ്പാർക്കിൽ നിലവിലുള്ള വിവരങ്ങൾ അടങ്ങിയ എക്സൽ ഫയൽ ലിസ്റ്റ് ഇതോടൊപ്പം അയക്കുന്നു. പ്രസ്തുത ലിസ്റ്റ് ഡൗൺലോഡ് ചെയ്ത് ഡി.ഇ.ഒ/ എ.ഇ.ഒ മാർ അവരുടെ പരിധിയിലെ ഓരോ സ്കൂൾ തിരിച്ചുള്ള (ട്രഷറി, സ്ക്കൂൾ എന്നിവ സെലക്ട് ചെയ്ത്) പ്രിന്റ് എടുത്ത് താങ്കളുടെ ഓഫീസ് പരിധിയിലെ മുഴുവൻ എയിഡഡ് സ്ക്കൂൾ പ്രധാനാദ്ധ്യാപകർക്കും നൽകേണ്ടതും ഓരോ എയ്ഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകരോടും അവരവരുടെ സ്ക്കൂളിലെ പിഎഫ് വരിക്കാരുടെ ഈ എക്സൽ ഫയലിൽ നിന്നെടുത്ത *പ്രിന്റും ഓരോ ജീവനക്കാരന്റെയും സേവനപുസ്തകവും സേവനപുസ്തകത്തിൽ പതിച്ച പി എഫ് അഡ്മിഷൻ അപേക്ഷാ ഫോറം/ നോമിനേഷൻ ഫോറത്തിന്റെ പകർപ്പ് പരിശോധിച്ച് ആയതിലെ അക്കൗണ്ട് നമ്പർ തന്നെയാണോ ഇതിൽ (സ്പാർക്കിൽ ഉള്ളത് ) എന്നും അല്ലെങ്കിൽ റിമാർക്സ് കോളത്തിൽ അക്കൗണ്ട് നമ്പർ C[illegible]131 എന്നത് പോലെ C ക്ക് ശേഷമോ മുമ്പോ സ്പേസ് ഇല്ലാതെ തന്നെ ചേർക്കേണ്ടതുമാണ്.* നിലവിൽ കെ എ എസ് ഇ പി എഫ് വരിക്കാരനായ ഏതെങ്കിലും ജീവനക്കാരന്റെ വിവരം ഈ എക്സൽ പ്രിന്റൗട്ടിൽ ഇല്ലെങ്കിൽ താഴെ പ്രസ്തുത ജീവനക്കാരുടെ വിവരങ്ങൾ ചേർക്കേണ്ടതുമാണ്. എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഈ പ്രിന്റൗട്ടിൽ ഉണ്ട് എന്ന് ഉറപ്പു വരുത്തിയ ശേഷം സർട്ടിഫൈ ചെയ്ത് പ്രധാനാദ്ധ്യാപകന്റെ ഒപ്പും സീലും പതിച്ച് പ്രസ്തുത പ്രിന്റൗട്ട് തന്നെ ഡി.ഇ.ഒ / എ.ഇ.ഒമാർ ഈ ഓഫീസിൽ സ്ക്കൂൾ ലിസ്റ്റിൽ രേഖപ്പെടുത്തി അതിനോടൊപ്പം 16.10.2015 11ന് മുമ്പായി നൽകേണ്ടതാണ്. ( പ്രധാനാദ്ധ്യാപകർ ഒപ്പിട്ട് നൽകുന്ന ലിസ്റ്റ് നോക്കി ഡി.ഇ.ഒ/ എ.ഇ.ഒ മാർ മാറ്റി ടൈപ്പ് ചെയ്ത് കൺസോളിഡേറ്റ് ചെയ്യേണ്ടതില്ല )

ഗെയിൻ പി എഫ് വഴി കെ.എ.എസ്.ഇ.പി.എഫ് ഓൺലൈൻ ആക്കുന്ന ജോലികൾ എത്രയും വേഗത്തിൽ ചെയ്ത് തീർക്കേണ്ടതിനാൽ ഇക്കാര്യത്തിൽ കാലതാമസം വരുത്തരുതെന്ന് അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ
വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം

Submit the Print out to AEO Office before 11/11/2015
1.PM